# മണ്ഡരി രാസകീടനാശിനി കാൻസറിന് വഴിവെക്കും

തിരുവനന്തപുരം: മണ്ഡരിക്കെതിരേ വ്യാപകമായി ഉപയോഗിക്കുന്ന ഡൈക്കോഫോൾ കാൻസറിനു കാരണമാകുമെന്ന് റീജയണൽ റിസർച്ച് ലബറോട്ടറി നടത്തിയ പഠനത്തിൽ തെളിഞ്ഞിരിക്കുന്നു. ഈ കീടനാശിനിയേറ്റാൽ ഒരാഴ്ചക്കകം കാൻസർ ഉറപ്പെന്ന് കണ്ടെത്തിയിട്ടുണ്ട്. വളരെ പതുക്കെയാണ് ലക്ഷണങ്ങൾ കാണുകയെന്നതിനാൽ ഉടൻ ഇതു തിരിച്ചറിയാനാവില്ല. വളരെക്കാലം, വിഘടിക്കുകയും മണ്ണിലലിഞ്ഞു ചേരാതെയും കിടക്കുന്ന ഡൈക്കോഫോളിന്റെ ഉപയോഗം അമേരിക്ക ഉൾപ്പെടെ നിരവധി രാജ്യങ്ങളിൽ നിരോധിച്ചിട്ടുണ്ട്. വിഘടിക്കും തോറും വിഷവീര്യം കൂടുന്ന, 350 ദിവസത്തോളം വിഷാംശം നിലനിൽക്കുന്ന ഈ കീടനാശിനി 4 വർഷം വരെ അതിന്റെ സാന്നിധ്യം അറിയിച്ചു കൊണ്ടിരിക്കും.

കേരളത്തിൽ മണ്ഡരി ബാധിച്ച 3 കോടി തെങ്ങുകളിൽ, 9 മില്ലി ഡൈക്കോഫോൾ വീതം 3 തവണയായി ഓരോ തെങ്ങിനും അടിക്കാനാണ് തീരുമാനം. അങ്ങനെ 10 ലക്ഷം ലിറ്റർ മാരക വിഷമാണ് അടിക്കുന്നത്. ഇത് സ്പ്രേ ചെയ്യുമ്പോൾ മൂന്നു ശതമാനം തെങ്ങിലും 97 ശതമാനം അന്തരീക്ഷത്തിലും മണ്ണിലുമാണ് പതിക്കുന്നത്. പാലക്കാട് പോലെ സദാസമയവും കാറ്റുള്ള പ്രദേശങ്ങളിലടിച്ചാൽ അതിന്റെ കണികകൾ നാടാകെ പകരും. തെങ്ങിലടിച്ച മരുന്ന് ഒരു മഴക്ക് ഒലിച്ചിറങ്ങി മണ്ണിലും ജലത്തിലും വ്യാപിക്കും. ഭൂഗർഭ ജലത്തിൽ വിഷം കലർത്തും. മത്സ്യങ്ങളുടെയും ഇതര ജലജീവികളുടെയും നിലനില്പു തന്നെ അപകടത്തിലാകും.

വരുതലമുറകളെ പോലും ദോഷകരമായി ബാധിക്കുന്ന ഈ കീടനാശിനി, പ്രകൃതിയേയും മനുഷ്യനേയും ക്രമേണ മരണത്തിലേക്ക് തള്ളിവിടുമെന്ന് അമേരിക്കയിലെ കൃഷി വകുപ്പും പരിസ്ഥിതി വകുപ്പും നടത്തിയ പഠനത്തിൽ തെളിഞ്ഞിട്ടുണ്ട്.

ഡൈക്കോഫോൾ രാസകീടനാശിനി ജീവികളിൽ വന്ധ്യതയ്ക്കു കാരണമാകുമെന്ന് അമേരിക്കയിൽ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നു.

ഇതു കൂടാതെ, ഗർഭാശയത്തിനും ഭ്രൂണത്തിനും പറ്റുന്ന തകരാറുകൾ, കാൻസർ, പ്രത്യുത്പാദനാവയവങ്ങൾക്ക് സംഭവിക്കുന്ന ക്ഷതം, നാഡീതളർച്ച, ആസ്ത്മ, ശരീര പ്രതിരോധ ബലക്ഷയം, തലച്ചോർ, കിഡ്നി തകരാറുകൾ, ശൈശവ മരണങ്ങൾ എന്നിവയും ദീർഘകാല ദൂഷ്യങ്ങളാണെന്ന് പഠനത്തിൽ പറയുന്നു.